(ഡി) 2012-ലെ ഐ.ടി. നയത്തിലെ പ്രഖ്യാപനത്തിനനുസരിച്ച് പദ്ധതി വിഹിതത്തിന്റെ മൂന്ന് ശതമാനം ഇ-ഗവേണൻസ് പദ്ധതികൾക്കായി വകയിരുത്തുവാൻ എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകി. വിവര സാങ്കേതിക വിദ്യയുടെ പ്രയോജനവും പ്രയോഗവും ഉറപ്പുവരുത്താൻ താഴെപ്പറയുന്ന പ്രവർത്തനങ്ങളാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

1. സ്റ്റേറ്റ് ഡാറ്റാ സെന്ററിൽ എല്ലാ ഗവൺമെന്റ് വകുപ്പുകളുടെയും ഡാറ്റാ സൂക്ഷിക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തിവരുന്നു.
2. KSWAN വഴി സ്റ്റേറ്റ് ഡാറ്റാ സെന്ററുമായി വിവിധ സർക്കാർ ഓഫീസുകളെ ബന്ധിപ്പിക്കുന്നതിനുള്ള നടപടി തുടർന്നുവരുന്നു.
3. പഞ്ചായത്ത് തലത്തിലുള്ള സർക്കാർ ഓഫീസുകളിലെ കമ്പ്യൂട്ടറുകളെ ബന്ധിപ്പിക്കുന്ന പദ്ധതി (NOFN) നടപ്പിലാക്കി വരുന്നു.
4. ഇ-പ്രൊക്യൂർമെന്റ് പദ്ധതി എല്ലാ സർക്കാർ വകുപ്പുകളിലേക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.
5. ഡിജിറ്റൽ ഫയൽ നീക്കം സാധ്യമാക്കുന്ന ഇ-ഓഫീസ് പദ്ധതിയിൽ കൂടുതൽ വകുപ്പുകളെ ഉൾപ്പെടുത്തിവരുന്നു.
6. ഇ-ഡിസ്ട്രിക്ട് പദ്ധതിയിൽ കൂടുതൽ സേവനങ്ങൾ ഉൾപ്പെടുത്തി വരുന്നു.
7. കൂടുതൽ സർക്കാർ സേവനങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് സർവ്വീസ് പ്ലസ് പദ്ധതി വിപുലപ്പെടുത്തിവരുന്നു.
8. എല്ലാ സർക്കാർ സേവനങ്ങളേയും ഒരു ഏകീകൃത പോർട്ടലിന്റെ കീഴിൽ ഉൾപ്പെടുത്തുന്ന പദ്ധതിയായ SSDG സംവിധാനത്തിന് തുടക്കം കുറിച്ചിട്ടുണ്ട്.

ടെക്നോസിറ്റി

276 (2514) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ടെക്നോസിറ്റിക്കുവേണ്ടി സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് നാളിതുവരെ എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്. ;

(ബി) ഏതെല്ലാം കമ്പനികൾക്കാണ് സ്ഥലം കൈമാറിയിട്ടുള്ളത്;

(സി) സ്ഥലം ലഭ്യമായ ഏതെല്ലാം കമ്പനികളാണ് നിർമ്മാണത്തിന് തറക്കല്ലിട്ടത് ; അവയുടെ പ്രവർത്തനം തുടങ്ങിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 373.27 കോടി രൂപ (ഭൂമി ഏറ്റെടുക്കുന്നതിനായി 302.72 കോടിയും പലിശയിനത്തിൽ 70.55 കോടിയും)

(ബി) ടാറ്റാ കൺസൾട്ടൻസി സർവ്വീസസിന് 97 ഏക്കറും ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് -കേരളയ്ക്ക് 10.33 ഏക്കറും ഇൻഫോസിസിന് 49.84 ഏക്കറും സൺടെക്കിന് 10 ഏക്കറും കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന് 5 ഏക്കറും അനുവദിച്ചിട്ടുണ്ട്.

(സി) ഇന്ത്യൻ ഇസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ്-കേരള, സൺടെക് എന്നീ കമ്പനികൾ തറക്കല്ലിട്ട് നിർമ്മാണ പ്രവർത്തനങ്ങളുടെ പ്രാരംഭ നടപടികൾ നടത്തിവരുന്നു. ടാറ്റാ കൺസൾട്ടൻസി സർവ്വീസസിന്റെ പ്രവർത്തനങ്ങൾക്ക് തറക്കല്ലിടുകയും മാസ്റ്റർ പ്ലാൻ തയ്യാറാവുകയും ചെയ്തിട്ടുണ്ട്.

ടെക്നോപാർക്ക് ടെക്നോളജി ബിസിനസ് ഇൻക്യുബേഷൻ സെന്റർ

277 (2515) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവരസാങ്കേതിക വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം ടെക്നോപാർക്കിൽ കേന്ദ്ര ശാസ്ത്രസാങ്കേതിക വകുപ്പിന്റെ സഹായത്തോടെ ടെക്നോപാർക്ക് ടെക്നോളജി ബിസിനസ്സ് ഇൻക്യുബേഷൻ സെന്റർ എന്ന യൂണിറ്റ് പ്രവർത്തിച്ചു വരുന്നുണ്ടോ ;

(ബി) ഇതിന്റെ പ്രവർത്തന വ്യാപ്തിയെ സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ഈ യൂണിറ്റിന്റെ ഭരണപരമായ നിയന്ത്രണം എങ്ങനെയെന്നുള്ള വിവരം, നിലവിലുള്ള ഉദ്യോഗസ്ഥരുടെ തസ്തിക തിരിച്ചുള്ള പട്ടിക സഹിതം ലഭ്യമാക്കുമോ ; ഇവരുടെ ശമ്പളയിനത്തിനായി പ്രതിമാസം എത്ര രൂപ ചെലവിടുന്നുവെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) തിരുവനന്തപുരത്തെ ടെക്നോപാർക്കും ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ കേന്ദ്ര ശാസ്ത്രസാങ്കേതിക വകുപ്പും ചേർന്ന് സംയുക്തമായി 2006-ൽ ആരംഭിച്ച പദ്ധതിയാണ് ടെക്നോപാർക്ക് ടെക്നോളജി ബിസിനസ്സ് ഇൻക്യുബേറ്റർ. നൂതനമായ ആശയങ്ങളെ കണ്ടെത്തി അവയെ ഒരു ബിസിനസ്സ് സ്ഥാപനമായി ഉയർത്തി കൊണ്ടുവരുവാൻ മതിയായ മാർഗ്ഗനിർദ്ദേശങ്ങളും ധനസഹായവും പരിശീലനങ്ങളും സ്ഥലസൗകര്യങ്ങളുമുൾപ്പെടെ വിവിധ ബിസിനസ്സുകാരുമായി ബന്ധപ്പെടുവാനുള്ള അവസരം ഒരുക്കുക എന്നതുമാണ് ടെക്നോപാർക്ക് ടെക്നോളജി ബിസിനസ്സ് ഇൻക്യുബേറ്ററിന്റെ പ്രധാന ലക്ഷ്യം. ടെക്നോപാർക്ക്-റ്റി.ബി.ഐ. ആരംഭിച്ച മറ്റ് സംരംഭങ്ങൾ ചുവടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly